**പതിമൂന്നാം കേരള നിയമസഭ**

ഏഴാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.746 07.02.2013 ൽ മറുപടിക്ക്.**

സർക്കാർ ആശുപത്രികളിൽ ഡോക്ടർമാരുടെ അഭാവം

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. കെ.എൻ.എ. ഖാദർ** | **ശ്രീ.വി.എസ്.ശിവകുമാർ**<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) സർക്കാർ ആശുപത്രികളിൽ, ഡോക്ടർമാരുടെ അഭാവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) ഉണ്ട്. |
| (ബി) ഇത് പരിഹരിക്കാൻ എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് ; | ബി) അസിസ്റ്റന്റ് സർജന്മാരുടെ ഒഴിവുകൾ പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്യുകയും പി.എസ്.സി യിൽ നിന്ന് നിയമന ശുപാർശ ലഭിക്കുന്ന മുറയ്ക്ക് ഒഴിവുകൾ നികത്തി വരികയും ചെയ്യുന്നു. അസിസ്റ്റന്റ് സർജൻമാരുടെ റാങ്ക് ലിസ്റ്റിന്റെ ലഭ്യത ഉറപ്പുവരുത്തുന്നതിനായി എമർജൻസി റിക്രൂട്ട്മെന്റ് പി.എസ്.സി നടപ്പിലാക്കിയിട്ടുണ്ട്. ജൂനിയർ കൺസൾട്ടന്റ് തസ്തികയിലെ ഒഴിവുകൾ സർവ്വീസിൽ പി.ജി യോഗ്യതയുള്ളവരിൽ നിന്ന് ഓപ്ഷൻ സ്വീകരിച്ച് നിയമനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. സിവിൽ സർജൻ / കൺസൾട്ടന്റ് / സീനിയർ കൺസൾട്ടന്റ് /ചീഫ് കൺസൾട്ടന്റ് തസ്തികകളിലെ ഒഴിവുകൾ പ്രൊമോഷൻ മുഖേന നികത്തുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. അടിയന്തിര ഘട്ടങ്ങളിൽ അഡ്ഹോക്ക് വ്യവസ്ഥയിലും, വിരമിച്ച ഡോക്ടർമാരുടെ സേവനവും ഉപയോഗപ്പെടുത്തിവരുന്നു. |
| (സി) പി.എസ്.സി. വഴി ഇന്റർവ്യൂ കഴിഞ്ഞ ഉദ്യോഗാർത്ഥികളെ പ്രസ്തുത ഒഴിവുകളിലേക്ക് ഉടൻ നിയമിക്കാനുള്ള നടപടി സ്വീകരിക്കുമോ; | സി) & ഡി) ആരോഗ്യ വകുപ്പിലെ അസിസ്റ്റന്റ് സർജൻ തസ്തികയ്ക്ക് 13.01.2011-ൽ പി.എസ്.സി പ്രസിദ്ധീകരിച്ച റാങ്ക് ലിസ്റ്റ് നിലവിലുണ്ട്. ഈ തസ്തികയിലേയ്ക്ക് പുതിയ വിജ്ഞാപനം 19.11.2012-ൽ പ്രസിദ്ധീകരിക്കുകയും, ഇന്റർവ്യൂ നടത്തുകയും ചെയ്തിട്ടുണ്ട്. റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടില്ല. |
| (ഡി) പ്രസ്തുത ഉദ്യോഗാർത്ഥികളെ എന്ന് നിയമിക്കാനാകും എന്നാണ് പ്രതീക്ഷിക്കുന്നത്? | |

സെക്ഷൻ ഓഫീസർ